**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **09-12-2022 - ൽ മറുപടിയ്ക്ക്**

**ശാസ്താംകുളങ്ങര ക്ഷേത്രം , ഇറപ്പുഴ പഴയപാലം എന്നിവ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 49 ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ചെങ്ങന്നൂരിൽ ശാസ്താംകുളങ്ങര ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ വടക്കേക്കര വില്ലേജിൽപ്പെടുന്ന ചാത്തൻ കുളങ്ങര നരസിംഹ ക്ഷേത്രം (ശാസ്താംകുളങ്ങര ക്ഷേത്രം) 11.04.1969-ൽ പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. |
| (സി) | ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ചെങ്ങന്നൂർ ഇറപ്പുഴ പഴയ പാലം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ